Break the Chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - ഗവേഷണ കൗൺസിൽ വൈസ് ചെയർമാനെയും ഫാക്കൽറ്റി ഉപദേശകസമിതിയിൽ നിന്നും 2 ചെയർമാൻമാരെയും നിർവാഹക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

**നമ്പർ: 50/2015/നി.സ./വി.സി./വാള്യം-IV.** **തീയതി, തിരൂർ, 12.03.2024**

പരാമർശം:- 1) 17.02.2023 ലെ 50/2015/നി.സ./വി.സി./വാള്യം II നമ്പർ സർവകലാശാലാ ഉത്തരവ്.

2) വൈസ് ചാൻസലറുടെ 11.03.2024 ലെ ഉത്തരവ്.

## ഉത്തരവ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013, അദ്ധ്യായം III വകുപ്പ് 13 എ (vi), (vii) പ്രകാരം ഫാക്കൽറ്റി ഉപദേശകസമിതിയുടെ രണ്ട് ചെയർമാൻമാരെയും ഒരു ഗവേഷണ കൗൺസിൽ വൈസ് ചെയർമാനെയും നിർവാഹകസമിതിയിലേക്ക് വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്. വകുപ്പ് 14(5) എക്സ് ഒഫീഷ്യോ അംഗങ്ങളല്ലാത്ത യാതൊരാൾക്കും നിർവാഹകസമിതിയിലെ അംഗമായി രണ്ട് തവണയിൽ കൂടുതൽ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

2) പരാമർശം (1) പ്രകാരം ഗവേഷണ കൗൺസിൽ വൈസ് ചെയർമാൻമാരിൽ നിന്നും ഡോ. കെ.ജി. പൗലോസിനെയും സാഹിത്യ, പാരമ്പര്യവിജ്ഞാനസമ്പ്രദായ ഫാക്കൽറ്റി ഉപദേശക സമിതി ചെയർമാൻമാരായ ഡോ. സി. രാജേന്ദ്രൻ, ഡോ. ജെ. പ്രസാദ് എന്നിവരെയും എക്സ് ഒഫീഷ്യോ അംഗങ്ങളായി നിർവാഹകസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്ന ഒരു വർഷ ക്കാലാവധി 16.02.2024 ന് അവസാനിച്ചിട്ടുണ്ട്. ഇതേ അംഗങ്ങളെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലാ നിയമം 2013 അദ്ധ്യായം III വകുപ്പ് 14(5) പ്രകാരം വൈസ് ചാൻസലർക്ക് പുനർനാമനിർദ്ദേശം ചെയ്യാവുന്നതാണ്. ടി നിയമം അനുശാസിക്കുന്ന പ്രകാരം ഡോ. കെ.ജി. പൗലോസ്, ഡോ. സി. രാജേന്ദ്രൻ, ഡോ. ജെ. പ്രസാദ് എന്നിവരെ നിർവാഹകസമിതി അംഗങ്ങളായി പുനർനാമനിർദ്ദേശം ചെയ്ത് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, താഴെ പറയുന്ന അംഗങ്ങളെ 17.02.2024 മുതൽ പ്രാബല്യം നൽകി പുനർനാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഡോ. കെ.ജി. പൗലോസ് (ഗവേഷണ കൗൺസിൽ, വൈസ് ചെയർമാൻ)

ii) ഡോ. സി. രാജേന്ദ്രൻ (സാഹിത്യ ഫാക്കൽറ്റി ഉപദേശകസമിതി ചെയർമാൻ)

iii) ഡോ. ജെ. പ്രസാദ് (പാരമ്പര്യവിജ്ഞാന ഫാക്കൽറ്റി ഉപദേശകസമിതി ചെയർമാൻ)

4) ഈ നിയമനത്തിന് 17.02.2024 മുതൽ പ്രാബല്യമുണ്ടായിരിക്കും. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ നിർവാഹകസമിതിയിലെ കാലാവധി ഒരു വർഷമോ പൊതുസഭയുടെ കാലാവധി പൂർത്തിയാകുന്നതു വരെയോ അതിലേതാണോ ആദ്യം അതുവരെയായിരിക്കും. നിയമാനുസൃത മായ യാത്രാബത്തയ്ക്കും യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള അലവൻസുകൾക്കും ടി അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:
രജിസ്ട്രാർ കാര്യാലയം/ഫിനാൻസ് വിഭാഗം/പരീക്ഷാവിഭാഗം/
വെബ്സൈറ്റ്/ഐ.ക്യു.എ.സി./നാക് കമ്മിറ്റി/പ്രസിദ്ധീകരണവിഭാഗം/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവ്വകലാശാല/
ആഫീസ് രേഖ/കരുതൽ രേഖ